## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4913 18.12.2014 ലെ മറുപടിയ്ക്ക്

## കുട്ടനാട്ടിലെ സിവിൽസ്റ്റേഷൻ അനക്സ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലെ സിവിൽസ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ;<br>(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; | (എ) & (ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്.വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കരാറുകാർ ഏറ്റെടുത്ത എടത്വ സബ്ട്രഷറി കെട്ടിടം നാളിതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;<br>(ഡി) പ്രസ്തുത പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ? | (സി) & (ഡി) എടത്വ സബ് ട്രഷറി കെട്ടിടത്തിന്റെ സ്ഥലം സംബന്ധിച്ച് കേസ് ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലവിലുള്ളതിനാൽ പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ടി പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ